Malappuram District Police

**01.09.2017 പെരിന്തൽമണ്ണ**

ജോലിക്കുനിന്ന വീട്ടിൽനിന്ന് സ്വർണാഭരണങ്ങൾ മോഷ്ടിച്ച് വിറ്റുവെന്ന കേസിൽ ജോലിക്കാരി അറസ്റ്റിൽ. അങ്ങാടിപ്പുറം ഓരാടംപാലം മുതുവറത്തൊടി സതിയെയാണ് (43) അറസ്റ്റുചെയ്തത്. പെരിന്തൽമണ്ണ എസ്.എം.യു.പി സ്കൂളിന് സമീപത്തെ വീട്ടിലാണ് ജോലിക്ക് നിന്നിരുന്നത്. ഇവിടെനിന്ന് അരപവൻ തൂക്കമുള്ള മോതിരവും മൂന്നുപവന്റെ സ്വർണവും നഷ്ടപ്പെട്ടതായ പരാതിയിലാണ് അറസ്റ്റ്. പെരിന്തൽമണ്ണ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു. എസ്.ഐ ജോർജ്, വനിത സിവിൽ പോലീസ് ഓഫിസർമാരായ ജയമണി, ആമിന എന്നിവരാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.